ഒഴിവാക്കി ക്ഷേത്രാന്തരീക്ഷത്തിന് യോജിച്ചതരത്തിലുള്ള കഥകളി, ഓട്ടൻ തുള്ളൽ, ഹരികഥ മുതലായവയ്ക്കു പ്രധാന്യം നൽകണമെന്നാണ് 1999 ഡിസംബർ 20-ലെ ബോർഡിന്റെ സർക്കുലർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള തെന്നു തിരുവിതാംകൂർ ദേവസ്വംബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഈ ഉത്തരവ് ലംഘിച്ചതായി പരാതികൾ യാതൊന്നും ലഭിച്ചിട്ടില്ല എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇതിലേക്ക് പ്രത്യേക ഏർപ്പാടുകൾ ചെയ്യേണ്ടതില്ല. ഇവ കാലാകാലങ്ങളായി നടന്നുവരുന്നതാണ്.

2. നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (1042) ഗവൺമെന്റിന്റെ വരവും ചെലവും

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷം ഗവൺമെന്റിന്റെ മൊത്തം വരുമാനം എത്ര യാണ് പ്രതീക്ഷിക്കുന്നത്:

(ബി) 1999-2000 വർഷം ശംബളം, പെൻഷൻ, പലിശ എന്നീ മൂന്ന് ഇനത്തിൽ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(സി) 1995-96, 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഗവൺമെന്റിന്റെ മൊത്തം വരുമാനവും ശംബളം, പെൻഷൻ, പലിശ എന്നീ മൂന്നിനങ്ങളിലുമുള്ള ചെലവും എത്ര വീതം ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നാല് വർഷങ്ങളിലെ പദ്ധതി ചെലവ് എത്ര വീതമായിരുന്നു;

(ഇ) 1999-2000 വർഷം പദ്ധതി ചെലവ് എത്രയാണ് കണക്കാക്കിയിരിക്കുന്നത്;

(എഫ്) ഈ തുക വെട്ടിച്ചുരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എത്രയായി ചുരുക്കുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 9455.97 കോടി രൂപ.

(ബി) 8024.74 കോടി രൂപ.

(സി)

വർഷം	മൊത്തം വരുമാനം	ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങളിലെ മൊത്തം ചെലവ് (കോടിയിൽ)
1995-96	5423.56	3871.45
1996-97	6145.08	4473.73

LIBRARY ARCHIVES Kerala Legislative Assembly

1997-98	7118.21	5002.36
1998-99	7198.12	6268.00

(ഡി)

1995-96	1481.54	കോടി രൂപ
1996-97	1857.76	"
1997-98	2536.26	"
1998-99	2771.66	"

(ഇ) (3250.00 കോടി രൂപ)

(എഫ്) 1999-2000 ലെ വാർഷിക പദ്ധതിയിലേക്കായി കേന്ദ്ര നികുതികളുടെ സംസ്ഥാന വിഹിതത്തിൽ ആസൂത്രണ കമ്മീഷൻ നേരത്തെ നല്കാമെന്നേറ്റിരുന്ന തുകയിൽ കുറവു വരുത്തുവാനുള്ള തീരുമാനമെടുക്കുവാനുള്ള സാദ്ധ്യതയുണ്ട്. സംസ്ഥാനം ഇതിനെതിരെ പ്രതികരിച്ചിട്ടുണ്ട്. ആസൂത്രണ കമ്മിഷനിൽ നിന്നും തുക കുറവുചെയ്തുകൊണ്ടുള്ള തീരുമാനം ഇതുവരെ ഔദ്യോഗികമായി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതി വെട്ടിച്ചുരുക്കുവാനുള്ള അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ജി) മുൻ ചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

2 (1043) കാർഷിക-വ്യാവസായിക രംഗത്തെ മുരടിപ്പ്

ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99, 1999-2000 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ കാർഷിക വ്യാവസായിക രംഗത്ത് എന്തെങ്കിലും മുരടിപ്പ് അനുഭവപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(സി) ഇതുമൂലം സാമ്പത്തികരംഗത്ത് ഏതെങ്കിലും ഞെരുക്കം അനുഭവപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) കാർഷിക രംഗത്ത് കൃത്യമായ കണക്കുകൾ ലഭ്യമല്ല. വ്യാവസായിക രംഗത്ത് മുരടിപ്പ് അനുഭവപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)-(ഡി) കൃഷിവകുപ്പിനെ സംബന്ധിച്ച് വിവരം ലഭ്യമല്ല. വ്യാവസായിക വകുപ്പിനെ സംബന്ധിച്ച് 'ബാധകമല്ല'.

LIBRARY ARCHIVES Kerala Legislative Assembly